Teachingninja.in

Latest Govt Job updates

Private Job updates

Free Mock tests available

Visit - teachingninja.in

# Kerala Woman Police Constable

## Previous Year Paper

## 2017

Teachingninja.in

052/2017-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ :

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Teachingninja.in

1. കേരളത്തിൽ മഹാശിലാ സ്മാരകങ്ങൾ കണ്ടെത്തിയ ആനക്കര ഏത് ജില്ലയിലാണ് ?
   A) തൃശൂർ
   B) ഇടുക്കി
   C) പാലക്കാട്
   D) വയനാട്

2. താഴെ പറയുന്നവരിൽ ആരുടെ അധ്യക്ഷതയിലാണ് കൊച്ചിരാജ്യ പ്രജാമണ്ഡലം രൂപീകരിച്ചത് ?
   A) വി. ആർ. കൃഷ്ണനെഴുത്തച്ഛൻ
   B) പട്ടം താണുപിള്ള
   C) ശക്തൻ തമ്പുരാൻ
   D) വീര കേരളവർമ

3. മലയാളക്കരയിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് തയ്യാറാക്കിയ 'ഹോർത്തൂസ് മലബാറിക്കസ്' ആദ്യമായി പ്രസിദ്ധീകരിച്ചത് ഏത് ഭാഷയിലാണ് ?
   A) ജർമ്മൻ
   B) ഇംഗ്ലീഷ്
   C) മലയാളം
   D) ലാറ്റിൻ

4. ഭരണഘടനാ നിർമ്മാണ സഭയുടെ ഉപദേഷ്ടാവായി പ്രവർത്തിച്ചത് ആര് ?
   A) ബി. ആർ. അംബേദ്കർ
   B) കെ. എം. മുൻഷി
   C) ബി. എൻ. റാവു
   D) ഡി. എൻ. മാധവറാവു

5. 6 വയസ്സിനും 14 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കാൻ രക്ഷിതാക്കളെ ചുമതലപ്പെടുത്തുന്ന കർത്തവ്യം ഭരണഘടനയിൽ ഉൾപ്പെടുത്തിയത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ?
   A) 86
   B) 83
   C) 73
   D) 74

6. പാർലമെന്റിൽ ചോദ്യോത്തരവേള ആരംഭിക്കുന്ന സമയം
   A) 12 മണി
   B) 11 മണി
   C) 9 മണി
   D) 10 മണി

7. നൈനിറ്റാൾ സുഖവാസ കേന്ദ്രം ഏത് സംസ്ഥാനത്താണ് ?
   A) ഉത്തർപ്രദേശ്
   B) ഉത്തരാഖണ്ഡ്
   C) ജമ്മുകാശ്മീർ
   D) ഹിമാചൽ പ്രദേശ്

8. 2016-ൽ വീശിയടിച്ച 'വർധ' ചുഴലിക്കാറ്റിന് ആ പേര് നൽകിയ രാജ്യം ഏത് ?
   A) ബംഗ്ലാദേശ്
   B) ഇന്ത്യ
   C) മ്യാൻമാർ
   D) പാക്കിസ്ഥാൻ



Teachingninja.in

9. ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റാണ് ?

A) 45 B) 43 C) 44 D) 46

10. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ ആന്റ് കാഷ്‌ലെസ് കോളനി

A) കക്കയം B) അട്ടപ്പാടി

C) മുത്തങ്ങ D) നെടുങ്കയം

11. 'ടോക്കൺ കറൻസി' സമ്പ്രദായം നടപ്പിലാക്കിയ ഡൽഹി സുൽത്താൻ

A) ഫിറോസ് ഷാ തുഗ്ലക്ക് B) മുഹമ്മദ് ബിൻ തുഗ്ലക്ക്

C) അലാവുദ്ദീൻ ഖൽജി D) ഷേർഷ

12. പുതുവത്സരാഘോഷങ്ങൾ നിരോധിച്ച മുഗൾ ഭരണാധികാരി ആര് ?

A) അക്ബർ B) ജഹാംഗീർ

C) ബാബർ D) ഔറംഗസേബ്

13. ഹൈദരാബാദ് ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർത്തത് എന്ന് ?

A) 1948 നവംബർ 23 B) 1949 നവംബർ 23

C) 1948 ഒക്ടോബർ 22 D) 1949 നവംബർ 22

14. വില്യം ഹോക്കിൻസ് ഇന്ത്യ സന്ദർശിച്ചപ്പോൾ മുഗൾ ചക്രവർത്തി ആരായിരുന്നു ?

A) ജഹാംഗീർ B) ഷാജഹാൻ

C) ഔറംഗസേബ് D) അക്ബർ

15. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് നേതൃത്വം കൊടുത്ത സ്വാതന്ത്ര്യ സമര സേനാനി ആര് ?

A) മോത്തിലാൽ നെഹ്റു B) അരുണാ ആസഫലി

C) ജയപ്രകാശ് നാരായൺ D) ലാലാലജ്പത് റായ്

16. 'നീൽ ദർപ്പൺ' എന്ന ബംഗാളി നാടകത്തിന്റെ രചയിതാവ് ആര് ?

A) സുരേന്ദ്രനാഥ ബാനർജി B) ദിനബന്ധു മിത്ര

C) രവീന്ദ്രനാഥ ടാഗോർ D) സത്യേന്ദ്രനാഥ ടാഗോർ

17. ഹിതകാരിണി സമാജം സ്ഥാപിച്ച സാമൂഹ്യ പരിഷ്കർത്താവ്

A) വീരേശലിംഗം B) ജോതിബാ ഫൂലെ

C) ഇ. വി. രാമസ്വാമി നായ്ക്കർ D) ആത്മാറാം പാണ്ഡുരംഗ്



Teachingninja.in

18. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ലഖ്നൗവിൽ നേതൃത്വം കൊടുത്തത് ആരായിരുന്നു ?

A) ബഹദൂർഷ II
B) മൗലവി അഹമ്മദുള്ള
C) ബീഗം ഹസ്രത് മഹൽ
D) ഝാൻസി റാണി

19. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്നു വിശേഷിപ്പിക്കുന്ന സ്ഥലം ഏത് ?

A) ലാഹോർ
B) ബംഗാൾ
C) പഞ്ചാബ്
D) ഡൽഹി

20. ലോകത്ത് ഏറ്റവും കൂടുതൽ പ്രമേഹ രോഗികളുള്ള രാജ്യം ?

A) അമേരിക്ക
B) ചൈന
C) ബ്രിട്ടൻ
D) ഇന്ത്യ

21. താഴെ പറയുന്നവയിൽ ദേശസാൽകൃത ബാങ്ക് ഏതാണ് ?

A) ഫെഡറൽ ബാങ്ക്
B) ആക്സിസ് ബാങ്ക്
C) സൗത്ത് ഇന്ത്യൻ ബാങ്ക്
D) വിജയാ ബാങ്ക്

22. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപീകരിച്ച വർഷം

A) 1965
B) 1969
C) 1975
D) 1974

23. റൂർക്കേലയിലെ ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് ഏതു രാജ്യത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് സ്ഥാപിച്ചത് ?

A) ഇംഗ്ലണ്ട്
B) റഷ്യ
C) ജർമ്മനി
D) അമേരിക്ക

24. വില്ലുവണ്ടി യാത്ര സമരം നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ?

A) അയ്യങ്കാളി
B) ചട്ടമ്പി സ്വാമികൾ
C) പണ്ഡിറ്റ് കറുപ്പൻ
D) കുമാര ഗുരുദേവൻ

25. അമോഘവർഷന്റെ 'കവിരാജ മാർഗം' ഏതു ഭാഷയിൽ രചിക്കപ്പെട്ട കൃതിയാണ് ?

A) മറാത്തി
B) തെലുങ്ക്
C) ബംഗാളി
D) കന്നഡ



Teachingninja.in

26. കർണ്ണാടകയിൽ രൂപംകൊണ്ട വീരശൈവ പ്രസ്ഥാനത്തിന്റെ നേതാവ് ?

A) രാമാനുജം
B) ബസവണ്ണ
C) മീരാഭായി
D) സൂർദാസ്

27. അക്ബറിന്റെ ഭരണകാലത്ത് 'രാസ്നാമ' എന്ന പേരിൽ മഹാഭാരത കഥ പൂർണമായി ചിത്ര രൂപത്തിൽ തയാറാക്കിയത് ആര് ?

A) മീർ സയ്യിദ് അലി
B) ബിഷൻ ദാസ്
C) ദസ്വന്ത്
D) കല്യാൺദാസ്

28. ചുവന്ന വെളിച്ചത്തിൽ പച്ചനിറത്തിലുള്ള ഇല ഏതു നിറത്തിലായിരിക്കും കാണപ്പെടുക ?

A) കറുപ്പ്
B) ചുവപ്പ്
C) മഞ്ഞ
D) പച്ച

29. ആധുനിക ടെന്നീസിൽ (പ്രഫഷണൽ യുഗം) ഏറ്റവും കൂടുതൽ സിംഗിൾസ് കിരീടം നേടിയ താരം ?

A) സ്റ്റെഫി ഗ്രാഫ്
B) വീനസ് വില്യംസ്
C) മാർട്ടീന നവ്രത്‌ലാവ
D) സെറീന വില്യംസ്

30. ഇന്ത്യയിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് ആദ്യമായി തെരഞ്ഞെടുപ്പ് നടന്നത് എവിടെ ?

A) ന്യൂഡൽഹി
B) ഗുജറാത്ത്
C) കേരളം
D) ബംഗാൾ

31. ചൈൽഡ് ലൈൻ സ്ഥാപിതമായ വർഷം ?

A) 1997
B) 1996
C) 1998
D) 2000

32. ഇന്ത്യൻ ദേശീയ പ്രസ്ഥാന ചരിത്രത്തിലെ 'കൊമഗതമാരു' സംഭവവുമായി ബന്ധപ്പെട്ട വിപ്ലവ പ്രസ്ഥാനം ഏത് ?

A) അനുശീലൻ സമിതി
B) ഫോർവേർഡ് ബ്ലോക്ക്
C) ഗദർപാർട്ടി
D) സ്വരാജ് പാർട്ടി



Teachingninja.in

33. 'ഇങ്ക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ് ആര് ?
A) ചന്ദ്രശേഖർ ആസാദ്
B) സുഭാഷ് ചന്ദ്രബോസ്
C) ഭഗത് സിംഗ്
D) മുഹമ്മദ് ഇക്ബാൽ

34. 1946 -ൽ നടന്ന നാവിക കലാപം ആരംഭിച്ചത് ഏതു കപ്പലിലെ നാവികരായിരുന്നു ?
A) INS തൽവാർ
B) INS രജ്പുത്
C) INS രൺവീർ
D) INS വീർ

35. നായർ സർവീസ് സൊസൈറ്റി സ്ഥാപിതമായ വർഷം
A) 1915
B) 1914
C) 1912
D) 1921

36. കേരളത്തിൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നതെന്ന് ?
A) 2012 നവംബർ 1
B) 2013 ഒക്ടോബർ 1
C) 2012 ഒക്ടോബർ 12
D) 2013 നവംബർ 12

37. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നെല്ലുൽപാദിപ്പിക്കുന്ന സംസ്ഥാനം ഏത് ?
A) ആന്ധ്രപ്രദേശ്
B) പഞ്ചാബ്
C) പശ്ചിമബംഗാൾ
D) കർണ്ണാടകം

38. ജൂട്ട് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെ ?
A) മുംബൈ
B) കൊൽക്കത്ത
C) ലക്നൗ
D) ഭുവനേശ്വർ

39. ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കുന്നത് എന്ന് ?
A) ഒക്ടോബർ 31
B) നവംബർ 19
C) ജനുവരി 30
D) ആഗസ്റ്റ് 20

40. മുഴുവൻ പാർലമെന്റ് അംഗങ്ങളും അവരുടെ മണ്ഡലത്തിലെ ഒരു ഗ്രാമത്തെ ദത്തെടുത്ത് മാതൃകാഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി ?
A) സൻസദ് ആദർശ് ഗ്രാമ യോജന
B) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന
C) പ്രധാനമന്ത്രി ഗ്രാമ സിഞ്ചയ് യോജന
D) ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന


Teachingninja.in

41. കേരളാംകുണ്ട് വെള്ളച്ചാട്ടം ഏതു ജില്ലയിലാണ് ?

A) മലപ്പുറം
B) ഇടുക്കി
C) കോഴിക്കോട്
D) വയനാട്

42. ഇന്ത്യയിലെ ആദ്യത്തെ സുഗന്ധ വ്യഞ്ജന മ്യൂസിയം എവിടെ ?

A) പൈനാവ്
B) കല്പറ്റ
C) കൊച്ചി
D) മാനന്തവാടി

43. കേരളത്തിലെ ഏക ഡ്രൈവ് ഇൻ ബീച്ച്

A) പയ്യാമ്പലം
B) കാപ്പാട്
C) പള്ളിക്കര
D) മുഴുപ്പിലങ്ങാട്

44. കേരളാ സംസ്ഥാന വനിതാ കമ്മീഷന്റെ ആദ്യത്തെ അദ്ധ്യക്ഷ ആര് ?

A) ജയന്തി പട്നായിക്
B) ജസ്റ്റിസ് ശ്രീദേവി
C) റോസക്കുട്ടി
D) സുഗതകുമാരി

45. ശബ്ദത്തെ വൈദ്യുത വ്യതിയാനങ്ങളാക്കി മാറ്റുന്ന ഉപകരണം

A) മൈക്രോഫോൺ
B) ആംപ്ലിഫയർ
C) മൈക്രോചിപ്സ്
D) സ്പീക്കർ

46. ഡിഫ്തീരിയ രോഗ നിർണ്ണയത്തിനുപയോഗിക്കുന്ന ടെസ്റ്റ്

A) ഡോട്ട് ടെസ്റ്റ്
B) വൈഡൽ ടെസ്റ്റ്
C) ഷിക് ടെസ്റ്റ്
D) ഇഷിഹാര ടെസ്റ്റ്

47. സൂര്യാസ്തമയത്തിന് ശേഷവും അന്തരീക്ഷത്തിൽ ചൂട് നിലനിർത്തുന്നത്

A) സംവഹനം
B) അഭിവഹനം
C) സൗരവികിരണം
D) ഭൗമവികിരണം

48. ഏറ്റവും ഭാരം കൂടിയ വാതകം ഏത് ?

A) ഹൈഡ്രജൻ
B) ഓസ്മിയം
C) റാഡോൺ
D) ഓക്സിജൻ



Teachingninja.in

49. പ്രകൃതിയിൽ ഏറ്റവും ദുർലഭമായി കാണുന്ന ഹാലൊജൻ ഏത് ?

A) അസറ്റാറ്റിൻ
B) അയഡിൻ
C) ഹീലിയം
D) സിനോൺ

50. എൻഡോസൾഫാനിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകം ഏത് ?

A) ഓർഗാനോ സൽഫൈഡ്
B) ഓർഗാനോ ക്ലോറിൻ
C) ഓർഗാനോ നൈട്രേറ്റ്
D) ഓർഗാനോ ഫോസ്ഫേറ്റ്

51. ഗംഗയെ ദേശീയ നദിയായി പ്രഖ്യാപിച്ചത് എന്ന് ?

A) 2006 നവംബർ 8
B) 2008 നവംബർ 8
C) 2008 നവംബർ 4
D) 2006 നവംബർ 4

52. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ലക്ഷ്യം വച്ച മേഖല

A) സുസ്ഥിര വികസനം
B) ദാരിദ്ര്യ നിർമ്മാർജനം
C) മനുഷ്യവിഭവശേഷി വികസനം
D) വ്യവസായ വികസനം

53. താഴെ കൊടുത്തവയിൽ പട്ടികവർഗ ക്ഷേമകാര്യങ്ങൾക്കായി ഒരു പ്രത്യേക മന്ത്രി നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്ന സംസ്ഥാനം ഏത് ?

A) കേരളം
B) ഉത്തർപ്രദേശ്
C) മധ്യപ്രദേശ്
D) ഹരിയാന

54. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ജനസംഖ്യാ വളർച്ചാ നിരക്ക്

A) 17.46%
B) 21.54%
C) 21. 45%
D) 17.64%



Teachingninja.in

55. രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതന്റെ പ്രവർത്തന ഫലമായി പാസ്സാക്കിയ നിയമം

A) ഉപഭോക്തൃ സംരക്ഷണ നിയമം

B) വിവരാവകാശ നിയമം

C) വിളവൈവിധ്യ കർഷകാവകാശ സംരക്ഷണ നിയമം

D) സ്ത്രീധന നിരോധന നിയമം

56. ഗിർന നദി പോഷക നദിയായിട്ടുള്ള ഉപദ്വീപീയ നദി ഏത് ?

A) ഗോദാവരി

B) മഹാനദി

C) കാവേരി

D) താപ്തി

57. ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം നിലവിൽ വന്നതെന്ന് ?

A) 2005 ഒക്ടോബർ 26

B) 2009 നവംബർ 26

C) 2006 ഒക്ടോബർ 26

D) 2004 നവംബർ 26

58. നീതി ആയോഗ് ഉപാധ്യക്ഷൻ ആര് ?

A) അരവിന്ദ് പനഗാരിയ

B) അരവിന്ദ് സുബ്രഹ്മണ്യൻ

C) അജിത് ദോവൽ

D) അമിതാഭ് കാന്ത്

59. റിയോ ഒളിമ്പിക്സിൽ ഗുസ്തിയിൽ മെഡൽ നേടിയ ഇന്ത്യൻ താരം ?

A) ദീപ മാലിക്

B) ദീപ കർമാകർ

C) പി. വി. സിന്ധു

D) സാക്ഷി മാലിക്

60. ‘സ്വരാജ്’ എന്ന പുസ്തകത്തിന്റെ രചയിതാവ് ആര് ?

A) ഭഗത്സിംഗ്

B) അരവിന്ദ് കേജരിവാൾ

C) ബാലഗംഗാധര തിലക്

D) ശശി തരൂർ



Teachingninja.in

61. They had a chat ____________ a cup of tea.
A) with B) over C) by D) to

62. If he had informed me about the price hike,
A) I had bought some in advance
B) I'll buy some in advance
C) I would have bought some in advance
D) I bought some in advance

63. 'Pilgrims come here, but few stay over night' implies that
A) All Pilgrims stay over night
B) Some Pilgrims stay over night
C) No Pilgrims come here
D) No Pilgrims stay over night

64. I haven't seen her ____________ the last thirty years.
A) for B) since C) to D) on

65. The past form of the verb 'stride' is
A) strided B) strode
C) stridden D) stride

66. Let's submit the projects on time, ____________ ?
A) do we ? B) should we ?
C) shouldn't we ? D) shall we ?

67. The students ____________ some money for their future purposes.
A) put aside B) put away C) put off D) put down

68. Alice prefers coffee ____________ tea.
A) than B) by C) to D) of

69. Find out the sentence in which an inchoative verb is used
A) The old woman is going to the town.
B) The old woman is watching T.V.
C) The old woman is searching for her spectacles.
D) The old woman is getting weaker.

70. A person who hates woman is called a
A) misogynist B) misogamist
C) misanthropist D) migrant



Teachingninja.in

71. Which is the singular word among the followings ?

A) bacteria
B) strata
C) larva
D) criteria

72. The word synonymous with 'conceal' is

A) delirious
B) deliquesce
C) delineate
D) delitescence

73. The youngone of a horse is called

A) fawn
B) foal
C) calf
D) squab

74. ___________ lion is the king of the forest.

A) a
B) an
C) the
D) none of these

75. The antonym of the word 'oblivion' is

A) memory
B) forgetfulness
C) obligation
D) omission

76. 'Birds of the same feather flock together' – means

A) Birds of the same type fly together
B) Birds of the same colour go together
C) People of the same sort are found together
D) None of these

77. The Prime-Minister ___________ tomorrow to inaugurate the function.

A) arrives
B) arrive
C) arrived
D) had arrived

78. 'The wood cutter chopped down the tall tree'. Begin the sentence with 'The tall tree.'

A) The tall tree had chopped down by the wood cutter
B) The tall tree had been chopped down by the wood cutter
C) The tall tree was chopped down by the wood cutter
D) The tall tree chopped down the wood cutter

79. Which is the correctly spelt word ?

A) Sunami
B) Tsunami
C) Zunami
D) Zunamy

80. The idiomatic expression 'head over heels' means

A) intelligent
B) nonsense
C) proud
D) excited



Teachingninja.in

81. ഒരു സംഖ്യയെ 17 കൊണ്ടു ഹരിക്കുന്നതിനു പകരം 11 കൊണ്ടു ഹരിച്ചപ്പോൾ ഹരണഫലം 15 ഉം ശിഷ്ടം 5 ഉം കിട്ടി. ശരിയായ ഹരണഫലം എത്ര ?

A) 15 B) 11 C) 10 D) 17

82. ഒരാൾ 690 രൂപയ്ക്ക് രണ്ടു കസേരകൾ വാങ്ങി. ഒരെണ്ണം 10% നഷ്ടത്തിലും മറ്റേത് 17% ലാഭത്തിലും വിറ്റു. രണ്ടു കസേരകളും വിറ്റത് ഒരേ വിലയ്ക്കാണ് എങ്കിൽ നഷ്ടത്തിൽ വിറ്റ കസേരയുടെ വാങ്ങിയ വില എത്ര ?

A) 345 B) 400
C) 300 D) 390

83. ഒരു സംഖ്യയുടെ 75% ഉം 45% ഉം തമ്മിലുള്ള വ്യത്യാസം 2700 ആണെങ്കിൽ സംഖ്യ ഏത് ?

A) 5400 B) 9000
C) 10000 D) 8400

84. $\dfrac{2}{2+\dfrac{0.2-2.02}{2\times 0.91}} = \underline{\quad ? \quad}$

A) 2 B) 1 C) 0 D) –1

85. വാർഷികമായി കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ നിക്ഷേപിച്ച തുക 3 വർഷം കൊണ്ട് ഇരട്ടിച്ചു. ഈ തുക 8 മടങ്ങാകാൻ എത്ര വർഷം വേണം ?

A) 8 B) 9 C) 12 D) 6

86. രണ്ടു സംഖ്യകളുടെ തുക 50 വ്യത്യാസം 5 ആയാൽ ഈ സംഖ്യകൾ തമ്മിലുള്ള അംശബന്ധം എന്ത് ?

A) 10 : 1 B) 11 : 9
C) 8 : 9 D) 6 : 4

87. ഒരു ട്രെയിൻ A യിൽ നിന്ന് 5.30 a.m. ന് പുറപ്പെട്ട് 9.30 a.m. ന് B യിൽ എത്തി. മറ്റൊരു ട്രെയിൻ B യിൽ നിന്ന് 7.30 a.m. ന് പുറപ്പെട്ടു. 11.30 a.m ന് A യിൽ എത്തി. എങ്കിൽ ഇവ രണ്ടും എപ്പോഴാണ് പരസ്പരം കടന്നു പോകുന്നത് ?

A) 8.30 a.m. B) 9.00 a.m. C) 8.45 a.m. D) 9.45 a.m.



Teachingninja.in

88. ഒരാൾ 8 km കിഴക്കോട്ട് സഞ്ചരിച്ച്, വലത്തോട്ടു തിരിഞ്ഞ് 12 km സഞ്ചരിച്ച്, വീണ്ടും വലത്തോട്ട് തിരിഞ്ഞ് 17 km സഞ്ചരിച്ചാൽ തുടക്കത്തിൽ നിന്ന് അയാൾ എത്ര km അകലെയാണ് ?

A) 13 B) 15 C) 17 D) 19

89. ബാബു ഒറ്റയ്ക്ക് ഒരു ജോലി 25 ദിവസം കൊണ്ടും രാജൻ അതേ ജോലി 40 ദിവസം കൊണ്ടും ചെയ്തു തീർക്കും. ബാബു ഒറ്റയ്ക്ക് ആ ജോലി 10 ദിവസം ചെയ്തതിനുശേഷം അവസാനിപ്പിച്ചു പോയി. ബാക്കിയുള്ള ജോലി തീർക്കാൻ രാജന് എത്ര ദിവസം വേണം ?

A) 30 B) 15 C) 24 D) 26

90. ഒരു കുടുംബത്തിലെ 7 മക്കളുടെ ശരാശരി വയസ്സ് 9. മാതാപിതാക്കളുടെ പ്രായം കൂടി ചേർത്തപ്പോൾ ശരാശരി 29 ആയി. മാതാവിന്റെ വയസ്സിന്റെ രണ്ടു മടങ്ങിനെക്കാൾ 6 കൂടുതലാണ് പിതാവിന്റെ വയസ്സ്. എങ്കിൽ മാതാവിന്റെ വയസ്സ് എത്ര ?

A) 64 B) 63 C) 74 D) 68

91. $5^{x+1} - 5^{x} = 2500$ ആയാൽ x എത്ര ?

A) 16 B) 3 C) 5 D) 4

92. ഉന്നതികൾ തുല്യമായ രണ്ടു വൃത്തസ്തൂപികകളുടെ ആരങ്ങളുടെ അംശബന്ധം 2:3 ആയാൽ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര ?

A) 4:9 B) 4:6 C) 4:3 D) 1:3

93. ചുവടെ തന്നിട്ടുള്ള ശ്രേണിയിൽ ഉൾപ്പെടാത്ത സംഖ്യ ഏത് ?
4, 5, 12, 39, 160, 804, 4836

A) 39 B) 160 C) 804 D) 4836

94. 3, 6, 9, ....... എന്ന സമാന്തര ശ്രേണിയുടെ ആദ്യത്തെ 25 പദങ്ങളുടെ തുകയെക്കാൾ എത്ര കൂടുതലാണ് 7, 10, 13, ...... എന്ന സമാന്തര ശ്രേണിയിലെ ആദ്യത്തെ 25 പദങ്ങളുടെ തുക ?

A) 75 B) 195 C) 100 D) 125



Teachingninja.in

95. ഒറ്റയാനെ കണ്ടെത്തുക.

A) മത്തൻ
B) കുമ്പളം
C) വെള്ളരി
D) വെണ്ട

96. ഒരു ക്ലോക്കിലെ സമയം 4.45 ആയാൽ മണിക്കൂർ സൂചിക്കും, മിനിറ്റ് സൂചിക്കും ഇടയിലെ കോണളവ് എത്ര ?

A) $150^\circ$
B) $117^\circ$
C) $117\frac{1}{2}^\circ$
D) $127\frac{1}{2}^\circ$

97. 2000 ജനുവരി 1 ശനിയാഴ്ച ആയാൽ 2001 ജനുവരി 1 ഏത് ദിവസമാണ് ?

A) തിങ്കൾ
B) ഞായർ
C) ശനി
D) വെള്ളി

98. $x + y = 8$ ഉം $xy = 15$ ഉം ആയാൽ $x - y$ എത്ര ?

A) 23
B) 7
C) 2
D) 3.5

99. ഒരു ക്ലോക്കിലെ സമയം 12.10 ആയാൽ കണ്ണാടിയിലെ പ്രതിബിംബത്തിലെ സമയം എത്ര ?

A) 10.12
B) 10.10
C) 11.50
D) 11.10

100. ഒരു പ്രത്യേക കോഡുപയോഗിച്ച് "BELIEF" എന്ന വാക്കിനെ "AFKKDI" എന്നെഴുതിയിരിക്കുന്നു. ഇതേ കോഡുപയോഗിച്ച് "SELDOM" എന്ന വാക്കിനെ എങ്ങിനെ എഴുതാം ?

A) RDKCNL
B) TFKENP
C) RFKENM
D) RFKFNP



Teachingninja.in

PROVISIONAL ANSWER KEY
Question Paper Code : 52/2017

Women Police Constable(APB)-Police

Medium of Question: English/Regional Language
Date of Test : 11.05.2017

| QUESTION BOOKLET ALPHACODE A | | | |
|---|---|---|---|
| Q No. | | Q. No. | |
| 1 | C | 51 | C |
| 2 | A | 52 | A |
| 3 | D | 53 | C |
| 4 | C | 54 | D |
| 5 | A | 55 | B |
| 6 | B | 56 | D |
| 7 | B | 57 | C |
| 8 | D | 58 | A |
| 9 | A | 59 | D |
| 10 | D | 60 | B |
| 11 | B | 61 | B |
| 12 | D | 62 | C |
| 13 | B | 63 | D |
| 14 | A | 64 | A |
| 15 | C | 65 | B |
| 16 | B | 66 | D |
| 17 | A | 67 | A |
| 18 | C | 68 | C |
| 19 | B | 69 | D |
| 20 | D | 70 | A |
| 21 | D | 71 | C |
| 22 | B | 72 | D |
| 23 | C | 73 | B |
| 24 | A | 74 | C |
| 25 | D | 75 | A |
| 26 | B | 76 | C |
| 27 | C | 77 | A |
| 28 | A | 78 | C |
| 29 | D | 79 | B |
| 30 | C | 80 | D |
| 31 | B | 81 | C |
| 32 | C | 82 | D |
| 33 | D | 83 | B |
| 34 | A | 84 | A |
| 35 | B | 85 | B |
| 36 | A | 86 | B |
| 37 | C | 87 | A |
| 38 | B | 88 | B |
| 39 | B | 89 | C |
| 40 | A | 90 | A |
| 41 | A | 91 | D |
| 42 | C | 92 | A |
| 43 | D | 93 | C |
| 44 | D | 94 | C |
| 45 | A | 95 | D |
| 46 | C | 96 | D |
| 47 | D | 97 | A |
| 48 | C | 98 | C |
| 49 | A | 99 | C |
| 50 | B | 100 | D |

Teachingninja.in